**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2857** **28-02-2023 - ൽ മറുപടിയ്ക്ക്**

**ജലാശയങ്ങളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ ആസ്തികളായി കണക്കാക്കിയിട്ടുള്ള ജലാശയങ്ങൾ,തോടുകൾ, പുഴകൾ, മറ്റ് ജലനിർഗ്ഗമന മാർഗ്ഗങ്ങൾ എന്നിവയുടെ നീളം,വീതി എന്നിവ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് അടിയന്തരമായി തയ്യാറാക്കാൻ നടപടി സ്വീകരിക്കാമോ; | (എ) | സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ ആസ്തികളായി കണക്കാക്കിയിട്ടുള്ള ജലാശയങ്ങൾ, തോടുകൾ, പുഴകൾ, മറ്റ് ജലനിർഗ്ഗമന മാർഗ്ഗങ്ങൾ എന്നിവയുടെ നീളം, വീതി എന്നിവ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ ജലാശയങ്ങൾ, തോടുകൾ, പുഴകൾ എന്നിവയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഹരിതകേരളം മിഷൻ (ഫേസ് 1) -ന്റെ ഭാഗമായി watershed map അഥവാ നീർത്തടമാപ്പുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കി അതത് പഞ്ചായത്തുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. Minor Irrigation Water Body census 2017-18-ൽ തയ്യാറാക്കി സംസ്ഥാനത്തെ ജലാശയങ്ങളുടെ inventory details കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>കൂടാതെ, തോടുകളുടെയും പുഴകളുടെയും കുളങ്ങളുടെയും അതിർത്തികൾ വേർതിരിച്ച് കയ്യേറ്റങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് കേരള ജല അതോറിറ്റിയുടെ അധീനതയിലുള്ള ശാസ്താംകോട്ട തടാകത്തിന്റെ സമീപമുള്ള ഭൂമി അളന്നു തിട്ടപ്പെടുത്തി അതിർത്തി വേലി സ്ഥാപിച്ച് കേരള ജല അതോറിറ്റിയുടെ ബോർഡ് സ്ഥാപിക്കാനുള്ള നടപടി കൈക്കൊള്ളുവാൻ പി.എച്ച് ഡിവിഷൻ കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ "ജിക്ക" കുടിവെള്ള പദ്ധതിയുടെ ഭാഗമായി ജല അതോറിറ്റിയിൽ ഉപരിതല ജലാശയങ്ങൾ, സ്വാഭാവിക ഡ്രെയിനേജ് എന്നിവയുടെ GIS ആസ്തി മാപ്പിങ് നടത്തിയിട്ടുണ്ട്. ഇതിന്റെ ഡാറ്റ ജല അതോറിറ്റിയുടെ വെബ്സൈറ്റിൽ "GIS Portal" എന്ന വിഭാഗത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | തോടുകളുടെയും പുഴകളുടെയും കുളങ്ങളുടെയും | (ബി) | സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ ആസ്തികളായി |

| | | | |
|---|---|---|---|
| | അതിർത്തികൾ വേർതിരിക്കാത്തത് കയ്യേറ്റങ്ങൾ വർദ്ധിക്കുന്നതിനും ആയത് ഒഴിപ്പിച്ചെടുക്കുന്നതിന് തടസ്സമാകുന്നുവെന്നതും കണക്കിലെടുത്ത് എത്രയും വേഗം ആസ്തി രജിസ്റ്റർ തയാറാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | | **കണക്കാക്കിയിട്ടുള്ള ജലാശയങ്ങൾ, തോടുകൾ, പുഴകൾ, മറ്റ് ജലനിർഗ്ഗമന മാർഗ്ഗങ്ങൾ എന്നിവയുടെ നീളം, വീതി എന്നിവ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ ജലാശയങ്ങൾ, തോടുകൾ, പുഴകൾ എന്നിവയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഹരിതകേരളം മിഷൻ (ഫേസ് 1) -ന്റെ ഭാഗമായി watershed map അഥവാ നീർത്തടമാപ്പുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കി അതത് പഞ്ചായത്തുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. Minor Irrigation Water Body census 2017-18-ൽ തയ്യാറാക്കി സംസ്ഥാനത്തെ ജലാശയങ്ങളുടെ inventory details കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്.**<br><br>**കൂടാതെ, തോടുകളുടെയും പുഴകളുടെയും കുളങ്ങളുടെയും അതിർത്തികൾ വേർതിരിച്ച് കയ്യേറ്റങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് കേരള ജല അതോറിറ്റിയുടെ അധീനതയിലുള്ള ശാസ്താംകോട്ട തടാകത്തിന്റെ സമീപമുള്ള ഭൂമി അളന്നു തിട്ടപ്പെടുത്തി അതിർത്തി വേലി സ്ഥാപിച്ച് കേരള ജല അതോറിറ്റിയുടെ ബോർഡ് സ്ഥാപിക്കാനുള്ള നടപടി കൈക്കൊള്ളുവാൻ പി.എച്ച് ഡിവിഷൻ കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ "ജിക്ക" കുടിവെള്ള പദ്ധതിയുടെ ഭാഗമായി ജല അതോറിറ്റിയിൽ ഉപരിതല ജലാശയങ്ങൾ, സ്വാഭാവിക ഡ്രെയിനേജ് എന്നിവയുടെ GIS ആസ്തി മാപ്പിങ് നടത്തിയിട്ടുണ്ട്. ഇതിന്റെ ഡാറ്റ ജല അതോറിറ്റിയുടെ വെബ്സൈറ്റിൽ "GIS Portal" എന്ന വിഭാഗത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ